പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

22.02.2016-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3062

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരിന് വ്യക്തമായ നയപരിപാടിയുണ്ടോ; | (എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരിന് വ്യക്തമായ നയപരിപാടിയുണ്ട്. ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേനയാണ് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നത് |
| (ബി) പ്രസ്തുത പെൻഷൻ പോസ്റ്റ് ഓഫീസ് വഴിയാണോ ബാങ്ക് വഴിയാണോ വിതരണം ചെയ്യുന്നത്; | (ബി) ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേന ഗുണഭോക്താവിന്റെ താൽപര്യ പ്രകാരം ബാങ്ക്, പോസ്റ്റോഫീസ് ഇവയിലെ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ അക്കൗണ്ട് മുഖേനയും തീരെ അവശരായ ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്. |
| (സി) ഇതിനായി ബന്ധപ്പെട്ട പോസ്റ്റ് ഓഫീസുകൾക്ക്/ ബാങ്കുകൾക്ക് ആവശ്യത്തിന് തുക അനുവദിക്കാറുണ്ടോ; | (സി) അർഹരായ മുഴുവൻ ഗുണഭോ ക്താക്കൾക്കും വിതരണം ചെയ്യുന്നതിനാ വശ്യമായ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുന്നുണ്ട്. |
| (ഡി) പ്രസ്തുത പെൻഷൻ വിതരണത്തിലെ അവ്യക്തത മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) പെൻഷൻ വിതരണം സംബന്ധിച്ച് അവ്യക്തകൾ നിലവിലില്ല. പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് തുക യഥാസമയം ലഭിക്കാതെ വന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ ? | (ഇ) പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറുന്നതിനും അതു വഴി കൃത്യമായി തുക ലഭിക്കുന്നതിനും അവസരം നൽകിയിട്ടുണ്ട്. കൂടാതെ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിനായി തുക കൈപ്പറ്റുന്നതിന് പോസ്റ്റൽ വകുപ്പ് തയ്യാറാകാത്തതിനാൽ 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള പെൻഷൻ ചെക്ക് മുഖേന വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ